ള്ള തുകയെങ്കിലും വെള്ളക്കരമായി കർഷകരിൽ നിന്നും സമാഹരിക്കണ മെന്ന് പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൃഷിക്കുപയുക്തമാക്കുന്ന ജലത്തിന് ഇപ്പോൾതന്നെ വാട്ടർ സെസ്സ് ഈടാക്കി വരുന്നുണ്ട്. ജലസേചന ത്തിന് ഉപയോഗിക്കുന്ന ജലത്തിന്റെ വിനിയോഗവും മറ്റും ഉൾക്കൊള്ളിച്ചു കൊണ്ട് സമഗ്രമായ ഒരു ' ഇറിഗേഷൻ ആന്റ് വാട്ടർ റഗുലേഷൻ ബിൽ' തയ്യാ റാക്കി വരികയാണ്.

23 (*233) തെങ്ങ് കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാ നുള്ള പദ്ധതി

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടബാധയോ രോഗമോമൂലം തെങ്ങ് നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കു ന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര നാളികേര കർഷകർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) ഈ പദ്ധതിക്ക് ഇതുവരെ അന്തിമരൂപം നല്കിയിട്ടില്ല.

24 (*234) കൃഷി ഫാമുകളുടെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയി ട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പോരായ്മകൾ പരിഹരിക്കുന്നതിനും ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉപദേശക സമിതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഉപദേശക സമിതിയുടെ ഘടന എപ്രകാരമായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കൃഷി ഫാം ഉപദേശക സമിതികളിൽ കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ നേടിയ കൃഷിക്കാരെയും ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാന കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്:

1. കർഷകർക്ക് ഗുണമേന്മയേറിയ വിത്തുകളും നടീൽവസ്തുക്കളും നാമമാത്ര നിരക്കിലോ, ന്യായവിലയ്ക്കോ ലഭ്യമാക്കുക. അതുവഴി നടീൽവസ്തുക്കളുടെ ഗുണമേന്മ, വില എന്നിവയിൽ സർക്കാരിന്റെ നിയന്ത്രണം സാധ്യമാക്കുക;

2. കൃഷിവകുപ്പ് കൃഷി ഭവനുകളിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ആവശ്യത്തിന് ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ വിതരണം ഉറപ്പുവരുത്തുക;

3. കാർഷിക സർവ്വകലാശാലയോ മറ്റു ഗവേഷണസ്ഥാപനങ്ങളോ പുറത്തിറക്കുന്ന അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ വൻതോതിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക.

4. ഗവേഷണ കേന്ദ്രങ്ങളിൽ ഉരുത്തിരിച്ചെടുക്കുന്ന പുതിയതരം നടീൽവസ്തുക്കളുടെ ഫീൽഡുതല ട്രയൽ നടത്തി മേന്മ പരീക്ഷിച്ച് വിവരം ഗവേഷകർക്ക് കൈമാറുക.

5. ഫലവർഗ്ഗങ്ങൾ, നാണ്യവിളകൾ, മറ്റു വിളകൾ എന്നിവയുടെയൊക്കെ മാതൃസസ്യതോട്ടങ്ങളും പ്രജനന തോട്ടങ്ങളും നിലനിർത്തി ഗുണമേന്മ ഉറപ്പാക്കാനുള്ള പ്രാഥമിക ഉറവിടങ്ങളായി വർത്തിക്കുക;

6. വിവിധ വിളകളുടെ ജനിതക ശേഖരം നിലനിർത്തി ജനിതക വൈവിധ്യം സംരക്ഷിക്കുക;

7. കർഷകർ, ഗവേഷകർ, കൃഷിവിദ്യാർത്ഥികൾ, വിജ്ഞാന സംഭരണ സഞ്ചാരികൾ എന്നിവർക്കൊക്കെ കൃഷിയെ സംബന്ധിച്ച് വിവിധ അറിവുകളും നടീൽ വസ്തുക്കളും ശേഖരിക്കാനുള്ള ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിക്കുക;

(ബി) ഉണ്ട്.

(സി) ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, മാർക്കറ്റിംഗ് സൗകര്യങ്ങളുടെയും സ്റ്റോറേജിന്റെയും അഭാവം, മോഷണശല്യം, തൊഴിലാളികളുടെ അഭാവം, ജോലിഭാരം പുനർനിർണ്ണയിക്കാതിരിക്കൽ സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ അഭാവം എന്നിവയാണ് ഫാമുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന പ്രധാന പോരായ്മകൾ. ഇതിൽ നിയമസഭാ ഉപസമിതിയുടെ ശുപാർശകൾ പരിഗണിച്ച് ജലസേചന സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നല്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ തുടങ്ങുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മറ്റു പ്രവൃത്തികളും തുടർന്നുള്ള വർഷങ്ങളിൽ ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. മോഷണശല്യം തടയുന്നതിനായി കരാർ വ്യവസ്ഥയിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ഡി) കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉപദേശങ്ങൾ നല്കാൻ ഫാം തലത്തിലും സംസ്ഥാന തലത്തിലും സമിതികൾ ഇപ്പോൾതന്നെ നിലവിലുണ്ട്. കൂടാതെ ജില്ലാതലത്തിൽ ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഇ) നിലവിലുള്ള ഉപദേശകസമിതികളുടെ ഘടന താഴെ പറയും പ്രകാരമാണ്:

(എ) ഫാം തല ഉപദേശക സമിതി:

(1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – അദ്ധ്യക്ഷൻ
(2) ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
(3) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
(4) ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
(5) ഫാം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് – അംഗങ്ങൾ
(6) ഫാം സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പർ
(7) കൃഷി ഓഫീസർ
(8) കൃഷി അസിസ്റ്റന്റുമാർ
(9) അംഗീകൃത തൊഴിലാളിസംഘടനകളുടെ രണ്ട് പ്രതിനിധികൾ വീതം
(10) ഫാം സൂപ്രണ്ട് – കൺവീനർ

(ബി) ജില്ലാ തല ഉപദേശകസമിതി:

(1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ
(2) ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ – വൈസ് ചെയർമാൻ
(3) ജില്ലയിലെ അംഗീകൃത ഫാം തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധികൾ വീതം
(4) കാർഷിക സർവകലാശാലാ ശാസ്ത്രജ്ഞൻ
(5) ജില്ലയിലെ ഫാമുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ – അംഗങ്ങൾ
(6) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി
(7) മൈനർ ഇറിഗേഷൻ വകുപ്പിന്റെ പ്രതിനിധി
(8) ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

(9) ജില്ലാ കൃഷി ഓഫീസർ - കൺവീനർ

(സി) സംസ്ഥാന ഫാം കൗൺസിൽ :

(1) കാർഷികോൽപ്പാദന കമ്മീഷണർ - ചെയർമാൻ

(2) കൃഷി ഡയറക്ടർ - വൈസ് ചെയർമാൻ

(3) സംസ്ഥാന കൃഷി എഞ്ചിനീയർ
(4) കാർഷിക സർവകലാശാല അസോഷ്യേറ്റ് പ്രൊഫസർ
(5) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
(6) അംഗീകൃത ഫാംതൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധികൾ വീതം
} അംഗങ്ങൾ

(7) സീനിയർ അഡീഷണൽ കൃഷി ഡയറക്ടർ - കൺവീനർ

(എഫ്) പരിഗണിക്കുന്നതാണ്.

25 (*235) തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന് നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) സർക്കാർ എന്തു തുകയാണ് ഈ ആവശ്യത്തിനായി ചെലവാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 1850 ഹെക്ടർ തരിശു ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) പദ്ധതിക്ക് 85.94 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിക്കുന്നുണ്ട്.

(ഡി) 405 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

26 (*236) മദ്യത്തിൽ മായം ചേർത്തതിനെതിരായ കേസ്സുകൾ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly